ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

തിരൂരങ്ങാടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

45 (1355) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ പുരോഗതി എത്രത്തോളമായി ;

(ബി) പ്രസ്തുത മിനി സിവിൽ സ്റ്റേഷൻ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ആർക്കിടക്ചറൽ പ്ലാൻ തയ്യാറായിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

റാന്നി പി.ഡബ്ല്യു.ഡി.റസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിടം

46 (1356) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി പി.ഡബ്ല്യു.ഡി.റസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പൂർത്തിയായിട്ടുണ്ടെങ്കിൽ ഇത് തുറന്ന് പ്രവർത്തനം ആരംഭിക്കുവാൻ വൈകുന്നതിന്റെ കാരണം എന്താണ് ;

(സി) ഈ കെട്ടിടത്തിന്റെ വയറിംഗ്, പ്ലംബിംഗ്, പെയിന്റിംഗ്, ഫർണിഷിംഗ് തുടങ്ങിയ ജോലികൾ പൂർത്തീകരിക്കുന്നതിന് എന്തൊക്കെ തടസ്സങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത തടസ്സങ്ങൾ നീക്കി കെട്ടിടം പൂർണ്ണമായി പ്രവർത്തന സജ്ജമാക്കി എന്നുമുതൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്.

(ബി) കെട്ടിടത്തിലെ വാട്ടർ സപ്ലൈ, സാനിട്ടറി ജോലികൾ എന്നിവ നടന്നു കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി-ഇ) തടസ്സങ്ങളൊന്നും നിലവിലില്ല. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

വൈക്കം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

47 (1357) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന്റെ നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടോ എന്നും അറിയിക്കുമോ ;

(സി) ബഡ്ജറ്റ് പ്രൊവിഷൻ ഉണ്ടായിട്ടും ടെണ്ടർ വിളിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് തുടങ്ങാനാവുമെന്നും എന്ന് പണി പൂർത്തിയാക്കാനാവുമെന്നും അറിയിക്കാമോ ?

ഉത്തരം

(എ) കെട്ടിടത്തിന്റെ ആർക്കിടക്ചറൽ ഡ്രായിംഗും സോയിൽ ഇൻവെസ്റ്റിഗേഷനും പൂർത്തിയായിട്ടുണ്ട്. സ്ട്രക്ചറൽ ഡ്രോയിംഗ് തയ്യാറാക്കി വരുന്നു.

(ബി) സ്ട്രക്ചറൽ ഡ്രോയിംഗ് പൂർത്തിയാക്കിയ ശേഷം എസ്റ്റിമേറ്റ് തുക കണക്കാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതാണ്.

(സി&ഡി) ഭരണാനുമതിയും പ്രത്യേകാനുമതിയും സാങ്കേതികാനുമതിയും നൽകിയാലുടൻ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

തിരുവനന്തപുരം കളക്ടറേറ്റിന് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി

48 (1358) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കളക്ടറേറ്റിന് സമീപത്തെ കോടതികളുടെ പ്രവർത്തനം സമരം ഉണ്ടാകുമ്പോൾ തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തിരുവനന്തപുരം കളക്ടറേറ്റിന് പുതിയ മന്ദിരം നിർമ്മിക്കുന്നതിന് വേണ്ടി ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly